ഒക്ടോബർവരെ വെറും 3,500 ടൺ ചുക്കു മാത്രമേ കയറ്റി അയച്ചിരുന്നുള്ളു. അന്യ രാഷ്ട്രങ്ങളുടെ രംഗപ്രവേശം കൊണ്ടാണ് ഇൻഡ്യൻ ചുക്കിന്റെ ഡിമാൻറ് കുറഞ്ഞുപോയത്. ഈ അവസ്ഥ കേരളത്തിലെ ഇഞ്ചിക്കൃഷിക്കാരെ സാരമായി ബാധിക്കുമെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനു പരിഹാര മാർഗ്ഗം കണ്ടുപിടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

7. ഗ്വാളിയോർ റയോൺസ് ഫാക്ടറി ലോക്കൗട്ട്

ശ്രീ. ഇ. ടി. മുഹമ്മദു ബഷീർ : സർ, കഴിഞ്ഞ 8 മാസമായി മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി അടച്ചു പൂട്ടിയതിന്റെ ഫലമായി അയ്യായിരം തൊഴിലാളികളും അവരെ ആശ്രയിച്ചു കഴിയുന്ന പതിനായിരകണക്കിന് കുടുംബങ്ങളും കനത്ത പട്ടിണിയിലാണ്. ആ സ്ഥാപനത്തിലെ ഒരു തൊഴിലാളിയായ എനിക്ക് എന്റെകൂടെ ജോലിചെയ്ത എന്റെ തൊഴിലാളി സുഹൃത്തുക്കളും പട്ടിണികിടക്കുന്ന രംഗമാണവിടെ കാണാൻ സാധിക്കുന്നത്. സമരം ഒത്തുതീർപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോപണ സമരങ്ങൾ നടത്തിക്കൊണ്ടിരുന്ന തൊഴിലാളി സുഹൃത്തുക്കളും പലരും ജയിലിലാണ്. തൊഴിലാളികളും പട്ടിണി കിടക്കുന്നു. പട്ടിണി മരണംപോലും മാവൂരിൽ സംഭവിക്കുമോയെന്ന് പേടിക്കേണ്ട അത്രക്ക് സ്ഫോടകാത്മകമായ സാഹചര്യമാണ് ഇപ്പോൾ അവിടെ നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയുമെല്ലാം ഇതു സംബന്ധിച്ച് യോഗങ്ങളും വിളിച്ചുകൂട്ടിയിരുന്നത് ശരിയാണ്. പക്ഷെ, ബിർളാ മാനേജുമെൻറ് തൊഴിലാളികളോട് ക്രൂരതയാണ് കാണിക്കുന്നത്. നാലുകൊല്ലമായി അവിടത്തെ തൊഴിലാളികൾക്ക് ബോണസ് കൊടുക്കുന്നില്ല. നാലു കൊല്ലമായി ഒരു നയാപൈസപോലും ബോണസ് കൊടുക്കാത്ത കേരളത്തിലെ ഏകസ്ഥാപനം ഒരുപക്ഷെ ഞങ്ങളുടെ സ്ഥാപനമായിരിക്കും.

അതുപോലെതന്നെ ദീർഘകാല കരാറിന്റെ കാലാവധി അവസാനിച്ചിട്ടും നാലുകൊല്ലമായി. അതു പുതുക്കുന്നതിന് മാനേജുമെൻറ് തയ്യാറായിട്ടില്ല. അത്രയ്ക്ക് നിഷേധാത്മകമായ സമീപനമെടുക്കുന്ന മാനേജുമെൻറാണ്. അവർ ഒരുപക്ഷെ ശക്തൻമാരായിരിക്കാം. പക്ഷെ നമ്മുടെ സംസ്ഥാനത്ത് ബിർളാമാനേജുമെൻറ് ഇത്തരമൊരഹങ്കാരം വച്ചു പുലർത്തുന്നത് ഒരിക്കലും അംഗീകരിക്കാൻ നിവൃത്തിയില്ലാത്തതാണ്. അതുകൊണ്ട്, പട്ടിണി മരണംപോലും സംഭവിക്കാനിടയുള്ള മാവൂരിലെ ഇന്നത്തെ സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി അടിയന്തിരമായി ഗവൺമെൻറ് ഏറ്റെടുക്കുന്നതടക്കമുള്ള കാര്യങ്ങൾ ആലോചിക്കാൻ തയ്യാറാകണമെന്നും അവിടെ പട്ടിണി കിടക്കുന്ന തൊഴിലാളികളെ പ്രതിനിധീകരിച്ചുകൊണ്ട് ഞാൻ അപേക്ഷിക്കുകയാണ്.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട ഷൺമുഖദാസ് ചോദിച്ച ഡോറ് ആദ്യമായിട്ട് ഞാൻ പറയുകയാണ്. കുന്നത്തറ ടെക്സ്റ്റയിൽസിലെ പ്രശ്നം ചർച്ച ചെയ്യാൻ വിളിച്ചു കൂട്ടിയത് 21-2-1986 ലാണ്.

ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ മുഖ്യമന്ത്രി ഉൾപ്പെടെ നിരവധി കോൺഫറൻസുകൾ അവിടെ വിളിച്ചുകൂട്ടി. ബിർളായുടെ ഡൽഹി മാനേജുമെൻറുമായി മുഖ്യമന്ത്രി ബന്ധപ്പെടുകയും അതിന്റെ ഉന്നത ഉദ്യോഗസ്ഥൻമാർ ഇവിടെ വരികയും കോൺഫറൻസുകൾ നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

മൊക്കെ ചെയ്തു. സ്റ്റാറ്റ്യൂട്ടറി ബോണസ് മാത്രമേ കൊടുക്കുകയുള്ളൂ വെന്നാണ് മാനേജുമെൻറിന്റെ അഭിപ്രായം. സെൻട്രൽ ഗവൺമെൻറിന്റെ വനത്തിനെ സംബന്ധിച്ചുള്ള നിയമം നിലവിലുള്ളതുകൊണ്ട് അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കുന്നില്ലെന്ന് മാനേജ്മെൻറിന് ഒരു കേസുണ്ട്. അതിന്റെ കാര്യവും എല്ലാംകൂടി പരിഗണിച്ചശേഷമേ ശമ്പള വർദ്ധനവ് സംബന്ധിച്ച് പുതിയ തീരുമാനത്തിൽ എത്താൻ കഴിയുകയുള്ളൂ എന്ന് അവർ നിർബന്ധം പിടിച്ചിരിക്കുകയാണ്. തൊഴിലാളി യൂണിയനുകളെ സംബന്ധിച്ചിടത്തോളം വേതനം പരിഷ്കരിക്കണമെന്ന വാദം അവർക്കുമുണ്ട്. ഇത്തരം പരിതഃസ്ഥിതിയിൽ എന്തെല്ലാം സെറ്റിൽമെൻറുണ്ടാക്കാൻ കഴിയുമോ അതെല്ലാം ചെയ്യാൻ ഗവൺമെൻറ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മറ്റു കാര്യങ്ങളുടെയും വിവിധ വശങ്ങളെ സംബന്ധിച്ച് എന്തും ചെയ്യണമെന്നുള്ളത് ഗവൺമെൻറിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

8. തെക്കൻ യമനിലെ ആഭ്യന്തര കലാപത്തിൽ മരിച്ച മലയാളികൾ

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, തെക്കൻ യമനിലെ ആഭ്യന്തര കുഴപ്പത്തിന്റെ ഫലമായി കുറെ മലയാളിതൊഴിലാളികൾ മരണപ്പെട്ട ദാരുണമായ സംഭവം സഭയുടെ ശ്രദ്ധയിലും മുഖ്യമന്ത്രിയുടെ ശ്രദ്ധയിലും അതുവഴി കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിലുംപെടുത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിലെ ആയിരക്കണക്കിന് പാവപ്പെട്ട തൊഴിലാളികൾ മധ്യ പൂർവ്വദേശത്തുള്ള വിവിധ രാജ്യങ്ങളിൽ ജോലിക്ക് പോയിട്ടുണ്ട്. യമൻ, സൗദിഅറേബ്യ തുടങ്ങിയ പല രാജ്യങ്ങളിലും പോയിട്ടുണ്ട്. അവിടെയുള്ള ഇൻഡ്യൻ എംബസിയിൽനിന്ന് വേണ്ടത്ര സഹായം ലഭിക്കാത്തതുകൊണ്ട് പലർക്കും ജീവഹാനിതന്നെ സംഭവിക്കുന്നുണ്ട്. ഇൻഡ്യൻ എംബസി കൃത്യമായി ഇടപെട്ടിരുന്നുവെങ്കിൽ ഈ ആഭ്യന്തര കുഴപ്പത്തിൽപ്പെട്ട പാവപ്പെട്ട ആളുകളെ സഹായിക്കാൻ കഴിയുമായിരുന്നു എന്നാണ് മരണപ്പെട്ട ഒരാളുടെ വീട്ടിൽ പോയപ്പോൾ അയാളുടെ ബന്ധുക്കൾതന്നെ എന്നോടു പറഞ്ഞത്. അവർ പറഞ്ഞുള്ള അറിവേ എനിക്കുള്ളൂ. പതിനായിരം രൂപയോളം എൻ. ഒ. സി.ക്ക് കൊടുത്തിട്ടാണ് ഈ പാവപ്പെട്ട ആളുകൾ വിദേശത്ത് എത്തുന്നത്. ഈ പാവപ്പെട്ട കുടുംബങ്ങളെല്ലാം വഴിയാധാരമായിരിക്കുകയാണ്. എന്റെ മണ്ഡലത്തിലുമുണ്ട് ഒരു സംഭവം. ഞാൻ അവിടെ പോയി. വാസ്തവത്തിൽ നിത്യ പട്ടിണിയിലും നിത്യ ദുഃഖത്തിലും ആ കുടുംബം കഴിയുകയാണ്. അതുകൊണ്ട് അവരെ സഹായിക്കാൻ ആവശ്യമായ നടപടി നമ്മുടെ ഗവൺമെൻറ് സ്വീകരിക്കണം. കേന്ദ്രഗവൺമെൻറുമായി ബന്ധപ്പെട്ട് വിദേശ രാഷ്ട്രങ്ങളിൽനിന്ന് കിട്ടാവുന്ന ധനസഹായം നിർബന്ധമായും വാങ്ങിക്കൊടുക്കണം. അതിനാവശ്യമായ മനുഷ്യത്വപരമായ സമീപനം മുഖ്യമന്ത്രിയിൽനിന്നുണ്ടാവുമെന്ന് വിശ്വസിക്കുന്നു. ഈശ്വരഭക്തനാണ് ഞാൻ അദ്ദേഹം. അതുകൊണ്ട് ഇക്കാര്യത്തിൽ ഈശ്വര കാരുണ്യം തോന്നണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇക്കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, തെക്കൻ യമനിലുണ്ടായ സംഘർഷത്തെത്തുടർന്ന് പതിനൊന്ന് തൊഴിലാളികൾ മരിച്ചതായാണ് ഇൻഡ്യാ ഗവൺമെൻറ് അറിയിച്ചത്. ഈ വിവരം

11 a. m.

LIBRARY ARCHIVES Kerala Legislative Assembly